# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. **6816** 10.07.2014 - ൽ മറുപടിയ്ക്ക്

## മാവേലിക്കര ആയുർവേദ ആശുപത്രിയിൽ പഞ്ചകർമ്മ സെന്റർ ആരംഭിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ. രാജേഷ് | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) മാവേലിക്കര, തഴക്കര പഞ്ചായത്തിലെ ആയുർവേദ ആശുപത്രിയിൽ പഞ്ചകർമ്മ സെന്റർ ആരംഭിക്കുന്നതിന് എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (എ) ഉണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) ഈ പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെന്ന് വിശദമാക്കുമോ ; | (ബി) ധനകാര്യ വകുപ്പിന്റെ അനുമതി ലഭിക്കുന്നതോടെ ഭരണാനുമതി നൽകുവാൻ കഴിയുന്നതാണ്. |
| (സി) ഇതുമായി ബന്ധപ്പെട്ട് 22.05.2014-ൽ ആരോഗ്യ വകുപ്പ് സെക്രട്ടറി, ഡയറക്ടർ ഓഫ് ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിന് കത്ത് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) ഉണ്ട്. |
| (ഡി) ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ ഡയറക്ടർ പ്രസ്തുത കത്തിന് നാളിതുവരെയായും മറുപടി നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (ഡി) ഉണ്ട്. 5.7.2014-ന് സർക്കാരിൽ ലഭിച്ച മറുപടി പരിശോധിച്ചുവരുന്നു. |
| (ഇ) ഈ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ ? | (ഇ) നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ